പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6912 02.11.2011- ൽ മറുപടിക്ക്

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.എ വാഹീദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി മുഹമ്മദ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | ദുരന്തങ്ങളോട് സമയോചിതമായി പ്രതികരിക്കുന്നതിനും ആസൂത്രണത്തിനുമായി 2005 ലെ ദുരന്ത നിവാരണ നിയമം മൂലം സംസ്ഥാന മുഖ്യമന്ത്രി ചെയർമാനും, റവന്യൂ വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായി ദുരന്ത നിവാരണ അതോറിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയും പ്രവർത്തിക്കുന്നു. ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രവർത്തിച്ചു വരുന്നു.<br>സ്ഥിതി ഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂമും, ജില്ലാ കളക്ട്രേറ്റുകളിൽ ജില്ലാതല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. 8 ജില്ലകളിൽ ദുരന്ത നിവാരണത്തിന് മാത്രമായി ഡെ. കളക്ടർമാരെ നിയമിച്ചിട്ടുണ്ട്.<br>ദുരന്ത സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ശ്രദ്ധിക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ആയത് ദുരന്ത നിവാരണ അതോറിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | ദുരന്തത്തിനുശേഷം ഇടപെടുക എന്ന രീതിയിൽ നിന്ന് ദുരന്തത്തിന് മുമ്പ് ശാക്തീകരിക്കുക എന്ന രീതിക്ക് മുൻഗണന നൽകുമോ; | (ബി) | ദുരന്തങ്ങൾ നേരിടുന്നതിനായി ജനങ്ങളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി ദുരന്ത നിവാരണ അതോറിറ്റി മുൻകൈയെടുത്ത് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും വിവിധ തരത്തിലുള്ള കപ്പാസിറ്റി ബിൽഡിംഗ് പരിപാടികൾ നടപ്പിലാക്കി വരുന്നു. യു.എൻ.ഡി.പി യുടെ സഹായത്തോടെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പ്രോഗ്രാമുകളും, എല്ലാ കോർപ്പ രേഷനുകളിലും നഗര ദുരന്ത ലഘൂകരണ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ജില്ലാതലങ്ങളിൽ തിരഞ്ഞെടുത്ത വില്ലേജുകളിൽ വില്ലേജ് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികളും കോർപ്പറേഷനുകളിലെ തിരഞ്ഞെടുത്ത വാർഡുകളിൽ വാർഡ് തല ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് അംഗങ്ങൾക്ക് പരിശീലനം നല്കി വരുന്നു. ഇവിടങ്ങളിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ സ്കൂൾ സുരക്ഷാ ക്ലബുകൾ രൂപീകരിച്ച് കുട്ടികൾക്കും പരിശീലനം നല്കി വരുന്നുണ്ട്. ജില്ലകളിലെ സന്നദ്ധ സംഘടനകൾക്കും ഇത്തരത്തിൽ പരിശീലനം നല്കുന്നുണ്ട്. കൂടാതെ ഐ.എൽ.ഡി.എം മുഖേന സർക്കാർ ജീവനക്കാർക്കും മറ്റുള്ള വർക്കും വിവിധ തരത്തിലുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |
| (സി) | ഇതിനായി എല്ലാ വിഭാഗം ജനങ്ങളെയും കൂട്ടായി പരിശ്രമിപ്പിക്കുന്നതിന് നടപടി എടുക്കുമോ? | (സി) | ദുരന്ത നിവാരണ അതോറിറ്റി മുൻകൈയെടുത്ത് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നല്കുന്നതിനും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ശ്രമിച്ചു വരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**